**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3499** **05-08-2021 - ൽ മറുപടിയ്ക്ക്**

**സ്കൂൾ നിർമ്മാണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ സ്കൂളുകളുടെ നിർമ്മാണത്തിന് ഒരു കോടി രൂപ വീതം കിഫ്ബി വഴി അനുവദിച്ചതിൽ എത്ര പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ; | (എ) | കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള സ്കൂളുകളിൽ 330 സ്കൂളുകൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളതായി പദ്ധതി നിർവ്വഹണ ഏജൻസിയായ കില അറിയിച്ചിട്ടുണ്ട് . |
| (ബി) | സാങ്കേതിക അനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് വീണ്ടും പരിശോധന നടത്തി ഭേദഗതിക്കായി ശിപാർശ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സാങ്കേതിക അനുമതി ലഭിച്ച പ്രവർത്തികളുടെ എസ്റ്റിമേറ്റ് വീണ്ടും പരിശോധന നടത്തി ഭേദഗതിക്ക് ശുപാർശ ചെയ്യുന്ന പ്രക്രിയ കിഫ്ബിയിൽ നിലവിലില്ല. എന്നാൽ ഇൻസ്പെക്ഷൻ അതോറിറ്റിയിൽ നിക്ഷിപ്തമായ നിയമപരമായ അധികാരങ്ങൾ ഉപയോഗിച്ചുകൊണ്ട് ഏതു ഘട്ടത്തിലും നടത്തുന്ന സാങ്കേതിക പരിശോധനകളുടെ ഭാഗമായി കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിക്കുന്നതിനായി പദ്ധതികളിൽ അനുയോജ്യമായ മാറ്റം വരുത്തുവാൻ എസ് പി വി കൾക്ക് നിർദ്ദേശം നൽകാറുണ്ട്. |
| (സി) | സാങ്കേതിക അനുമതി ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം ടെണ്ടർ ചെയ്ത പ്രവൃത്തിയുടെ കരാർവെച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; സാങ്കേതിക അനുമതി ലഭിച്ച എത്ര പ്രവൃത്തികൾക്ക് കരാർവെച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (സി) | നിലവിലുള്ള കെട്ടിടങ്ങളിൽ ചിലത് പൊളിക്കുന്നതിൽ വന്നിട്ടുള്ള സാങ്കേതിക തടസം മൂലമുള്ള കാലതാമസവും ചില സ്കൂളുകൾ കോവിഡ് സെന്റർ ആയതിനാലും കരാർ വച്ച ചില പ്രവർത്തികൾക്ക് തടസ്സമുണ്ട് എന്നും സാങ്കേതിക അനുമതി ലഭിച്ച 147 പ്രവർത്തികൾക്ക് കരാർ വച്ചിട്ടുണ്ട് എന്നും പദ്ധതി നിർവ്വഹണ ഏജൻസിയായ കില അറിയിച്ചിട്ടുണ്ട് . |
| (ഡി) | ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭിക്കാത്തതിനാലും എഗ്രിമെന്റ് വെക്കുന്നതിന് മുൻപ് വീണ്ടും എസ്റ്റിമേറ്റ് പരിശോധിക്കുന്ന സ്ഥിതി ഉള്ളതിനാലും പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ | (ഡി) | ഭരണാനുമതി ലഭിച്ച 446 പ്രവർത്തികളിൽ 41 എണ്ണം കവറേജ് പ്രശ്നങ്ങൾ പോലുള്ള വിവിധ കാരണങ്ങളാൽ നടപ്പിലാക്കാൻ സാധിക്കുന്നതല്ലെന്നും, കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള 398 സ്കൂളുകളിൽ 330 സ്കൂളുകൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളതായും, സാങ്കേതികാനുമതി ലഭിച്ച പ്രവർത്തികൾ ടെൻഡർ |

| | | | |
|---|---|---|---|
| | നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | | ചെയ്ത് എഗ്രിമെന്റ് വെക്കുന്നതിന് മുൻപ് എസ്റ്റിമേറ്റ് വീണ്ടും പരിശോധിക്കുതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നും പദ്ധതി നിർവ്വഹണ ഏജൻസിയായ കില അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ